# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **2843.** 12..10..2011-ൽ മറുപടിക്ക്

## ചെറുകിട ഡയറി ഫാമുകൾക്ക് സാമ്പത്തിക-സാങ്കേതിക സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലക്ഷം ലിറ്റർ പാൽ ആവശ്യമുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്; | (എ) സംസ്ഥാനത്ത് പ്രതിദിനം 82 മുതൽ 84 ലക്ഷം ലിറ്റർ പാൽ ശരാശരി ആവശ്യമുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) ഇതിൽ ആഭ്യന്തര ഉല്പാദനം എത്ര ലിറ്റർ വരും; | (ബി) ആഭ്യന്തര ഉല്പാദനം ഏകദേശം 76 ലക്ഷം ലിറ്ററായി കണക്കാക്കിയിരിക്കുന്നു. |
| (സി) ആഭ്യന്തര പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി താത്പര്യമുള്ള യുവതീ-യുവാക്കൾക്ക് ചെറുകിട ഡയറി ഫാമുകൾ തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക-സാങ്കേതിക സഹായം നൽകുമോ; ഇക്കാര്യത്തിൽ നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (സി) ചെറുകിട ഡയറി ഫാമുകൾ തുടങ്ങുന്നതിന് യുവതീയുവാക്കൾക്ക് സാമ്പത്തിക സാങ്കേതിക സഹായം നിലവിൽ നൽകി വരുന്നുണ്ട്. ക്ഷീര വികസന വകുപ്പ് എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 2 പശു യൂണിറ്റ്, 5 പശുക്കളുടെ യൂണിറ്റ്, 10 പശുക്കളുടെ യൂണിറ്റ്, 20 പശുക്കളുടെ യൂണിറ്റ്, കിടാരിവളർത്തൽ യൂണിറ്റ് എന്നിവയ്ക്ക് ധനസഹായവും സാങ്കേതിക സഹായവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ.